(ഇ) ഐ.ആർ.ഡി.പി. തുകയിൽനിന്ന് മേൽപ്പറഞ്ഞ വർഷങ്ങളിൽ എസ്റ്റാബ്ലിഷ്മെന്റിനും വാഹനങ്ങൾ വാങ്ങുന്നതിനും ഫർണിച്ചർ വാങ്ങുന്നതിനും ഡയറി അച്ചടിക്കുന്നതിനും ഓഫീസ് മുറികൾ ഫർണിഷ് ചെയ്യുന്നതിനും ഓരോ ജില്ലയും ചെലവഴിച്ച സംഖ്യ എത്ര വീതമാണെന്ന് പറയുമോ;

(എഫ്) നിയമാനുസരണം ഈ ഫണ്ട് ഇത്തരം കാര്യങ്ങൾക്ക് ചെലവഴിക്കാൻ കേന്ദ്രം അനുവദിച്ചിട്ടുണ്ടോ;

(ജി) ഇല്ലെങ്കിൽ ഇത്തരം കാര്യങ്ങൾ ചെയ്ത ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടികൾ എടുത്തിട്ടുണ്ടോ;

(എച്ച്) മേൽ പറഞ്ഞ കാലങ്ങളിൽ ഫർണിച്ചർ വാങ്ങാനായി മാത്രം എത്ര സംഖ്യ ചെലവഴിച്ചു;

(ഐ) ഈ സാധനങ്ങൾ വാങ്ങിയത് ക്വട്ടേഷൻ വിളിച്ചിട്ടാണോ;

(ജെ) ആണെങ്കിൽ ഓരോ ജില്ലയിലും വിതരണം ചെയ്ത ഏജൻസികളുടെ പേരുകൾ പറയാമോ?

ഉത്തരം

(എ) ഐ.ആർ.ഡി.പി. അനുസരിച്ച് 1983-84 വർഷത്തിൽ 120,547 കുടുംബങ്ങളെയും 1984–85 വർഷത്തിൽ 104,816 കുടുംബങ്ങളെയും സഹായിച്ചിട്ടുണ്ട്.

(ബി) ഇതിൽ 93,912 കുടുംബങ്ങൾ ഹരിജൻ-ഗിരിജൻ കുടുംബങ്ങളാണ്. 131,451 കുടുംബങ്ങൾ മറ്റു വിഭാഗങ്ങളിൽ പെടുന്നവരാണ്.

(സി) ഈ പദ്ധതിപ്രകാരം സഹായം ലഭിക്കാൻ അർഹതയില്ലാത്തവർക്ക് സഹായം ലഭിച്ചിട്ടുണ്ടോ എന്നുള്ള വിവരം ശേഖരിച്ചു വരുന്നു.

(ഡി, ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്) എസ്റ്റാബ്ലിഷ്മെന്റിനും നിയമാനുസരണമായി വാഹനങ്ങൾ വാങ്ങുന്നതിനും ഫർണിച്ചർ വാങ്ങുന്നതിനും പ്രിന്റിംഗിനും ചെലവാക്കാൻ കേന്ദ്രം അനുവദിച്ചിട്ടുണ്ട്.

(ജി) പരിശോധിക്കുന്നുണ്ട്.

(എച്ച്, ഐ, ജെ) വിവരം ശേഖരിച്ചു വരുന്നു.

എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. എന്നീ തൊഴിൽദാന പദ്ധതികൾ

129 [334] ശ്രീ. സിറിയക് ജോൺ: താഴെ കാണുന്ന ചോദ്യത്തിന് സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കർഷക തൊഴിലാളികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണോ എൻ.ആർ.ഇ.പി., ആർ.എൽ.ഇ.ജി.പി. തുടങ്ങിയ തൊഴിൽദാന പദ്ധതികൾക്കുവേണ്ടി ജില്ലകൾക്ക് തുക അലോട്ട് ചെയ്യുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

എൻ.ആർ.ഇ.പി., ആർ.എൽ.ഇ.ജി.പി. പദ്ധതികൾക്കുവേണ്ടി ബഡ്ജറിൽ ഉൾക്കൊള്ളിച്ച തുകയുടെ 75% അതാത് ജില്ലകളിലെ ഗ്രാമീണ കർഷക തൊഴിലാളികളുടെയും നാമമാത്ര കർഷകരുടെയും എണ്ണത്തിന്റെ അടിസ്ഥാനത്തിലും ബാക്കി 25% അതാതു ജില്ലകളിലെ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലുമാണ് അലോട്ട് ചെയ്യുന്നത്.

ദേശീയ തൊഴിൽ ദാന പദ്ധതിയനുസരിച്ച് സംസ്ഥാനത്തിന് ലഭിച്ച അരിയുടെ തോത്

130 [335] ശ്രീ. സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ തൊഴിൽദാന പദ്ധതിയനുസരിച്ച് കേന്ദ്രം 1982 മുതൽ ഓരോ വർഷവും സംസ്ഥാനത്തിന് അനുവദിച്ച അരിയുടെ തോത് എന്ത്;

(ബി) ഇപ്രകാരം അലോട്ട് ചെയ്ത അരി ഏറെടുക്കാത്തതു മൂലം ലാപ്സാകുകയുണ്ടായോ;

(സി) എങ്കിൽ ഓരോവർഷവും എത്ര വീതം;

(ഡി) ഇപ്രകാരം ലാപ്സാകുവാനുള്ള കാരണമെന്ത്?

ഉത്തരം

(എ) 1982–83-ൽ കേന്ദ്രം 2,625 മെട്രിക് ടൺ ഭക്ഷ്യധാന്യം അനുവദിക്കുകയുണ്ടായി. ഇതു കൂടാതെ 3,350 മെട്രിക് ടൺ ഭക്ഷ്യധാന്യം 1981–82-ൽ നിന്ന് റീവാലിഡേറ്റ് ചെയ്തു കൊടുക്കുകയുണ്ടായി. 1983–84-ൽ 11,120 മെട്രിക് ടണ്ണും 1984–85-ൽ 13,028 മെട്രിക് ടണ്ണും 1985–86-ൽ ഇതുവരെ 3,350 മെട്രിക് ടണ്ണും ഭക്ഷ്യധാന്യം കേന്ദ്രം അനുവദിച്ചു.

(ബി) ഉണ്ടായി.

(സി) 1982–83-ൽ 566.099 മെട്രിക് ടണ്ണും 1983–84-ൽ 5397.000 മെട്രിക് ടണ്ണും 1984–85-ൽ 9700.202 മെട്രിക് ടണ്ണും അരി ലാപ്സാകുകയുണ്ടായി.

(ഡി) ലാപ്സാകുവാനുള്ള കാരണങ്ങൾ മുഖ്യമായും താഴെ പറയുന്നവയാണ്:

1. താഴ്ന്നതരം അരിയാണ് വിതരണത്തിന് ലഭ്യമായികൊണ്ടിരിക്കുന്നത്.

2. ആവശ്യമുള്ള അവസരങ്ങളിൽ എഫ്.സി.ഐ. ഗോഡൗണുകളിൽനിന്ന് അരി ലഭ്യമാക്കാതിരിക്കുന്ന സാഹചര്യം അത്ര അപൂർവ്വമല്ല.

3. ചിലയിടങ്ങളിൽ തൊഴിൽ സമരംമൂലം എഫ്.സി.ഐ. ഗോഡൗണുകളിൽനിന്നും അരി ഏറെടുക്കാൻ ബുദ്ധിമുട്ട് ഉണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly